13-ാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3837 | 25.06.2013-ൽ മറുപടിയ്ക്ക്

# പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത

**ചോദ്യം**

ശ്രീ. കെ.ശിവദാസൻ നായർ
" അൻവർ സാദത്ത്
" ജോസഫ് വാഴക്കൻ
" വർക്കല കഹാർ

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇവയുടെ പ്രവർത്തനം വിനിയോഗിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം (ലാഭത്തിന്റെ 2 മുതൽ 5% വരെ) സാമൂഹിക പ്രതിബദ്ധത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാരിന്റെ ഒരു വർഷ കർമ്മപദ്ധതിയിലുൾപ്പെടുത്തി ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിന്റെ ഒരു വിഹിതം സാമൂഹിക പ്രതിബദ്ധത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസം, ആരോഗ്യം കുടിവെള്ള പദ്ധതി, ഉച്ച ഭക്ഷണ പദ്ധതി, അടിസ്ഥാന സൗകര്യ വികസനം, എന്നീ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ പരിസ്ഥിതി സംരക്ഷണം, വിവിധ എൻ.ജി.ഒ കളുമായി ചേർന്നുള്ള സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ, കായിക വികസന പദ്ധതികൾ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

| | | | |
|---|---|---|---|
| (സി) | മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദനം നടത്തുവാനും അതുവഴി മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംരംഭങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുമോ എന്ന് വിശദമാക്കുമോ; | (സി) | മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനം നടത്തുവാനും, അതുവഴി മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംരംഭങ്ങൾ പൊതുമേഖലാസ്ഥാപനങ്ങളുടെകൂടി പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ് |
| (ഡി) | ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് & ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ , ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്, കെൽട്രോൺ, സിഡ്കോ എന്നീ പൊതുമേഖലാസ്ഥാപനങ്ങളാണ് പ്രധാനമായും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പ്രധാന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ

* മലബാർ സിമന്റ്സിന്റെ ലാഭത്തിന്റെ 5% വരെ സാമൂഹിക പ്രതിബദ്ധത നിറവേറ്റുവാൻ വേണ്ടി മാറ്റി വെച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി സഹകരിച്ച് ശ്രദ്ധ, സ്നേഹപൂർവ്വം, സുരക്ഷ, ആശ്രയം, കാരുണ്യ, നാദം എന്നീ നാമധേയത്തിൽ വിവിധ സാമൂഹിക പ്രതിബദ്ധത യുള്ള പ്രവർത്തനം നടത്തുന്ന പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

ഇതു മൂലം കാൻസർ ബാധിച്ചവർക്കും, കുട്ടികൾക്കുള്ള വിദ്യാഭ്യാസത്തിനും, അത്യാവശ്യ ഘട്ടത്തിൽ ആംബുലൻസ് സൗകര്യം ലഭിക്കുന്നതിനും, ചെവി കേൾക്കാത്ത കുട്ടികൾക്കുള്ള സഹായം എന്നിവ ലഭിക്കുന്നതാണ്.

പാലക്കാട് വാളയാറിലുള്ള ആദിവാസി കോളനിയ്ക്കും സ്കൂളിനും വേണ്ടി പല പദ്ധതികളും ചെയ്തുവരുന്നു. വൃദ്ധ സദനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റ് എന്നിവയ്ക്കും സഹായം നൽകി വരുന്നു. സർക്കാർ - എയ്ഡഡ് സ്കൂളുകൾക്കുള്ള കമ്പ്യൂട്ടർ, ഒരു സ്കൂൾ വാൻ തുടങ്ങിയവ നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ മുതുകാടുള്ള എയ്ഡ്സ് ബാധിച്ചിട്ടുള്ളവരെ താമസിപ്പിച്ച് ചികിത്സ നടത്തിവരുന്ന നസറത് കെയർ & സപ്പോർട്ട് സെന്ററിനെ സഹായിക്കാൻ പദ്ധതിയുണ്ട്. തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ വാഹനാപകടത്തിൽ അതിഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ശ്രീദേവി, ശ്രീവിദ്യ എന്നീ സഹോദരിമാർക്ക് അടിയന്തര ചികിത്സാസഹായം നൽകിയിട്ടുണ്ട്.

* **കേരള മിനറൽസ് ആന്റ് മെറ്റൽസ്**

1. സമീപ പഞ്ചായത്തുകളിലെ ജനങ്ങൾക്കു കുടിവെള്ളം നൽകിവരുന്നു.
2. സമീപ വാർഡുകളിലെ നിർദ്ധനരായ രോഗികൾക്ക് ചികിത്സ സഹായവും മെഡിക്കൽ ക്യാമ്പുകളും നത്തി വരുന്നു.
3. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനു വേണ്ടി ഒരു മറ്റേർണിറ്റി വാർഡ് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

4. കമ്പനിയുടെ സമീപത്തുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഫാർമസിസ്റ്റിന്റെയും ഒരു ഡോക്ടറിന്റെയും സേവനം ലഭ്യമാക്കുന്നു.
5. പഞ്ചായത്തിന്റെ ആവശ്യപ്രകാരം റോഡുകളുടെ നവീകരണവും നിർമ്മാണവും, തെരുവു വിളക്കു സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നു.
6. വെള്ളക്കെട്ട് നിവാരണ പദ്ധതിയുടെ ഭാഗമായി മൂന്നു സ്ഥലങ്ങളിലായി 161 ലക്ഷം രൂപ മുടക്കി ഓടകൾ നിർമ്മിച്ചു വരുന്നു.
7. സമീപത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് 17 ലക്ഷം രൂപ നൽകിയിട്ടുണ്ട്
8. കമ്പനിയുടെ മുൻ വശത്തുള്ള നാഷണൽ ഹൈവേയിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുവാൻ 10.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്

* കെ.എസ്.ഐ.ഡി.സി സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് പദ്ധതി എന്ന പേരിൽ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട നിർദ്ധനരായ 50 വിധവകളുടെ പെൺ മക്കൾക്ക് പ്രൈമറി, ഹൈസ്കൂൾ, കോളേജ് തലങ്ങളിൽ സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായം നൽകിവരുന്നു.

Manu

**സെക്ഷൻ ഓഫീസർ**